പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2715 **28-10-2026-ൽ മറുപടിയ്ക്ക്**

മുണ്ടോർശ്ശിക്കടവ് തടയണ, പനയൂർക്കാവ് ചെക്ക്ഡാം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. പ്രേംകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാരിന്റെ കാലത്ത് നവകേരള സദസ്സ് മേഖലാ നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയ ഒറ്റപ്പാലം മണ്ഡലത്തിലെ മുണ്ടോർശ്ശിക്കടവ് തടയണ നിർമാണം, പനയൂർക്കാവ് ചെക്ക്ഡാം നിർമാണം എന്നിവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മറുപടി: മുൻ സർക്കാരിന്റെ കാലത്ത് നവകേരള സദസ്സിൽ ഉയർന്ന് വന്ന വികസന പദ്ധതികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നതും ജല വിഭവവകുപ്പ് നിർവ്വഹണ വകുപ്പായി നിശ്ചയിക്കപ്പെട്ടിരുന്നതുമായ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മണ്ഡലത്തിലെ മുണ്ടോർശ്ശിക്കടവ് തടയണ നിർമ്മാണം, പനയൂർക്കാവ് ചെക്ക്ഡാം നിർമ്മാണം എന്നീ 2 പ്രവൃത്തികൾക്കും വകുപ്പ് ഭരണാനുമതി നല്കിയിരുന്നു. തുടർന്ന് പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് (PIEMD) മേൽപ്പറഞ്ഞ 2 പ്രവൃത്തികളുടെയും നിർവ്വഹണ വകുപ്പായി തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് നിർദ്ദേശിച്ചതിൻപ്രകാരം 2 പ്രവൃത്തികൾക്കും ജലവിഭവ വകുപ്പിൽ നിന്നും ഭരണാനുമതി നല്കിയ ഉത്തരവ് റദ്ദ് ചെയ്തിരുന്നു. നിലവിൽ 2 പ്രവൃത്തികളുടെയും നിർവ്വഹണ വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പാണ്.

സെക്ഷൻ ഓഫീസർ